## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5217 — 24.10.2011 -ൽ മറുപടിക്ക്

## ബസ്ചാർജ് വർദ്ധിപ്പിച്ചതിൽ അപാകതകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.റ്റി.എ. റഹീം | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ബസ്ചാർജ് വർദ്ധിപ്പിച്ചതിൽ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മിനിമം ചാർജ് 4 രൂപയിൽ നിന്ന് 5 രൂപയായി വർദ്ധപ്പിക്കുന്നതിനും മിനിമം ചാർജിൽ സഞ്ചരിക്കാവുന്ന ദൂരം 2 സ്റ്റേജാക്കുകയും ചെയ്യാനല്ലാതെ മന്ത്രിസഭ മറ്റ് എന്തെല്ലാം കാര്യങ്ങൾക്കാണ് തീരുമാനം എടുത്തിരുന്നത്; | (ബി) | ഫാസ്റ്റ് പാസഞ്ചറിന്റെ മിനിമം ചാർജ്ജ് 5 രൂപയിൽ നിന്ന് (2.5 കി.മീറ്ററിന്) 7 രൂപയാക്കാനും (5 കി.മീറ്ററിന്) കിലോ മീറ്റർ നിരക്ക് മിനിമം ചാർജ്ജിൽ സഞ്ചരിക്കാവുന്ന പരമാവധി ദൂരം ഒഴിവാക്കിയും മിനിമം ചാർജ്ജിന് മുകളിലും കണക്കാക്കുവാനും ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ നിരക്കുകളിൽ ഓരോ സ്റ്റേജിലും 1 മുതൽ 49 വരെ പൈസ തൊട്ടു താഴെയുള്ള രൂപയിലേയ്ക്കും 50 മുതൽ 99 വരെ പൈസ തൊട്ടടുത്ത രൂപയിലേയ്ക്കും നിജപ്പെടുത്തുവാനും സൂപ്പർ ഫാസ്റ്റ് സർവ്വീസുകളിൽ നിലവിലുള്ള മിനിമം ചാർജ്ജായ 10 രൂപയ്ക്ക് പരമാവധി 10 കി.മി. ദൂരം യാത്ര ചെയ്യാൻ അനുവദിക്കുവാനും അതിനപ്പുറമുള്ള ഓരോ കിലോമീറ്ററിനും 60 പൈസ നിരക്കിൽ കണക്കാക്കി തൊട്ടടുത്ത ഉയർന്ന രൂപയായി ഫെയർ സ്റ്റേജ് നിർണ്ണയിക്കുവാനും തീരുമാനിച്ചു. കൂടാതെ വിദ്യാർത്ഥികൾക്കുള്ള സൗജന്യ നിരക്കിൽ യാത്ര ചെയ്യാവുന്ന ദൂരം, മിനിമം ചാർജ്ജ് എന്നിവയിൽ നിലവിലുള്ള വ്യവസ്ഥ തുടരേണ്ടതാണെന്നും 2.5 കി.മീറ്ററിന് ശേഷം അടുത്ത 2 ഫെയർ സ്റ്റേജുകൾക്ക് 50 പൈസ വീതം വർദ്ധിപ്പിക്കേണ്ടതാണെന്നും ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസ്സുകളിൽ കൂടി വിദ്യാർത്ഥികൾക്ക് |

| | | |
|---|---|---|
| | | കൺസഷൻ അനുവദിക്കണമെന്നും മന്ത്രിസഭ തീരുമാനിച്ചു. ഫെയർസ്റ്റേജിനെ സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഓർഡിനറി ബസ്സുകളിൽ 10 കി.മീറ്റർ യാത്രയ്ക്ക് പുതുക്കി നിശ്ചയിച്ചിട്ടുള്ള 8 രൂപ നിരക്ക് 7 രൂപയായി കുറയ്ക്കുവാനും മന്ത്രിസഭ പിന്നീട് തീരുമാനിക്കുകയുണ്ടായി |
| (സി) സ്വകാര്യ ബസുടമകൾ കിലോമീറ്ററിന് എത്ര പൈസയാണ് ആവശ്യപ്പെട്ടിരുന്നത്; | (സി) | 65 പൈസ |
| (ഡി) ഇപ്പോൾ 20 കി.മി യാത്ര ചെയ്യുന്ന ഒരു യാത്രക്കാരനിൽ നിന്ന് എത്ര രൂപയാണ് ചാർജ്ജായി വാങ്ങുന്നത്? | (ഡി) | 13 രൂപ |

സെക്ഷൻ ഓഫീസർ